शिक्षा का अधिकार

सर्व शिक्षा अभियान
सब पढ़ें सब बढ़ें

**605**

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2015-'16

## സാമൂഹ്യശാസ്ത്രം

ക്ലാസ്സ് VI — സമയം: 2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസസമയമാണ്.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം

**I** **ഭൂകേന്ദ്രത്തിൽ നിന്ന് ഭൗമോപരിതലത്തിലെ ഒരേ കോണീയ അളവിലുള്ള ബിന്ദുക്കളെ യോജിപ്പിച്ച് വരയ്ക്കുന്ന രേഖകളാണ് അക്ഷാംശ രേഖകൾ**

A. താഴെ കാണുന്ന ചിത്രത്തിൽ ചില പ്രധാന അക്ഷാംശ രേഖകളുടെ ഡിഗ്രി അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നു. ചിത്രം വരച്ച് അക്ഷാംശ രേഖകളുടെ പേരുകൾ രേഖപ്പെടുത്തുക




B. ഏറ്റവും വലിയ അക്ഷാംശരേഖ ഏത്?

**II** **സൗരയൂഥത്തിലെ എല്ലാ ഗ്രഹങ്ങളെയും പോലെ ഭൂമിയും സദാ ചലിച്ചുകൊണ്ടിരിക്കുന്നു.**

A. ഭൂമിയുടെ ഏത് ചലനം മൂലമാണ് രാത്രിയും, പകലും ഉണ്ടാകുന്നത്?

B. സൂര്യൻ കിഴക്കുദിച്ച് പടിഞ്ഞാറ് അസ്തമിക്കുന്നതായി തോന്നുന്നത് എന്തുകൊണ്ടാണ്?

C. പരിക്രമണം എന്നാൽ എന്ത്?

D. അധിവർഷത്തിൽ എത്ര ദിവസങ്ങളുണ്ട്?

**III** **മധ്യരേഖാ കാലാവസ്ഥാമേഖലയിൽ ജീവിക്കുന്ന മനുഷ്യവർഗ്ഗങ്ങളുടെ ജീവിത രീതി സമാനമാണ്**

A. മധ്യരേഖാ കാലാവസ്ഥാ മേഖല ഏതെല്ലാം അക്ഷാംശങ്ങൾക്കിടയിലാണ്?

B. മധ്യരേഖാ കാലാവസ്ഥാ മേഖലയിൽ ഉൾപ്പെട്ട പ്രദേശങ്ങളുടെ സവിശേഷതകൾ എന്തെല്ലാമാണ്?

C. മധ്യരേഖാ കാലാവസ്ഥാ മേഖലയിൽ അതിവസിക്കുന്ന ഏതെങ്കിലും ഒരു ജനവിഭാഗത്തിന്റെ പേരെഴുതുക?

**IV** ഓരോ കാലാവസ്ഥാ മേഖലയിലും ജനജീവിതത്തിൽ പ്രകൃതിയുടെ സ്വാധീനം പ്രകടമാണ്

A. താഴെ കാണുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ ശൈത്യമേഖലയിൽ ജീവിക്കുന്ന ഇന്യൂട്ടുകളുടെ ജീവിത രീതി വിശദീകരിക്കുക

- ഭക്ഷണം
- ഭവന നിർമ്മാണം.
- വസ്ത്രധാരണം.
- സഞ്ചാരം.

B. ഉത്തരാർദ്ധഗോളത്തിൽ ആർട്ടിക് വൃത്തത്തിന് വടക്ക് ഉത്തരധ്രുവത്തെ ചുറ്റി സ്ഥിതിചെയ്യുന്ന കാലാവസ്ഥാ മേഖല ഏത്?

**V** സൽത്തനത്ത് മുഗൾ കാലഘട്ടത്തിൽ വാസ്തു വിദ്യാരംഗത്ത് നിരവധി മാറ്റങ്ങളുണ്ടായി.

A. സൽത്തനത്ത് ഭരണകാലത്ത് ഇന്ത്യയിൽ രൂപപ്പെട്ട പുതിയ വാസ്തു വിദ്യാശൈലി ഏതാണ്?

B. താഴെ ചിത്രത്തിൽ കാണുന്ന ചരിത്ര സ്മാരകങ്ങൾ തിരിച്ചറിഞ്ഞ് പേരെഴുതുക?

1. 

2. 

3. 

4. 

C. ഇൻഡോ - ഇസ്ലാമിക് വാസ്തുവിദ്യാശൈലിയുടെ സവിശേഷതകൾ എന്തെല്ലാം?

**VI** മധ്യകാല ഇന്ത്യയിൽ സാഹിത്യ രംഗത്ത് രൂപം കൊണ്ട ഭക്തി പ്രസ്ഥാനം പ്രാദേശിക ഭാഷകൾക്ക് ഉണർവേകി.

A. താഴെ കൊടുത്തിരിക്കുന്ന പട്ടിക ശരിയായ രീതിയിൽ പൂർത്തിയാക്കുക?

| കൃതികൾ | പ്രാദേശിക ഭാഷ | സാഹിത്യകാരൻമാർ |
|---|---|---|
| അധ്യാത്മ രാമായണം | | |
| വിക്രമാർജ്ജുന വിജയം | | |

B. ഭക്തി പ്രസ്ഥാനത്തിന്റെ ഉത്തരേന്ത്യയിലെ 2 പ്രചാരകരുടെ പേരുകളെഴുതുക?

C. മധ്യകാലഘട്ടത്തിൽ ഉപനിഷത്തുകളും അഥർവ്വവേദവും പേർഷ്യൻ ഭാഷയിലേക്ക് തർജ്ജിമ ചെയ്തതാര്?